LIBRARY ARCHIVES Kerala Legislative Assembly

ആകെ 143 ഐ.എ.എസ്. ഉദ്യോഗസ്ഥരാണ് കേരള കേഡറിൽ നിലവിൽ ജോലി ചെയ്യുവരുന്നത്. കേരള കേഡറിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ ആകെ അംഗീകൃത അംഗബലം 172 ആണ്. ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന 3 ഐ.പി.എസ്. ഓഫീസർമാർ ഉൾപ്പെടെ ആകെ 105 ഐ.പി.എസ്. ഉദ്യോഗസ്ഥരാണ് നിലവിൽ കേരള കേഡറിൽ ജോലി ചെയ്യുന്നത്. കേരള കേഡറിൽ നിന്നും നിലവിൽ 21 ഐ.എ.എസ്. ഉദ്യോഗസ്ഥരും 22 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്.

ലോണുകളുടെ പുനഃക്രമീകരണം

28 (28) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മൊറട്ടോറിയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയവരുടെ ലോണുകൾ ചില ബാങ്കുകൾ പുനഃക്രമീകരണം ചെയ്തു നൽകിയതിന്റെ ഫലമായി ഇടപാടുകാർക്ക് അധിക പലിശ ബാധ്യത ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അധിക പലിശ ബാധ്യത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

വായ്പകളിൽ പുനഃക്രമീകരണം നടത്തുമ്പോൾ വായ്പയുടെ കാലാവധി നീട്ടി നൽകുകയോ തിരിച്ചടവിന് സാവകാശം നൽകുകയോ അല്ലെങ്കിൽ ഇവ രണ്ടും നൽകുകയോയാണ് സാധാരണയായി ബാങ്കുകൾ ചെയ്യുന്നത്. പൊതുവെ പുനഃക്രമീകരണം ചെയ്യുമ്പോൾ പലിശ നിരക്കിൽ മാറ്റം വരില്ല. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൂടാതെ കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്രസർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി

29 (29) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;